**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 861** **24-02-2022 - ൽ മറുപടിയ്ക്ക്**

**സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | **Shri. A. K. Saseendran**<br>**(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വനത്തിനുള്ളിലെ സ്ഥിരതാമസക്കാരെ നഷ്ടപരിഹാരം നൽകി ഒഴിപ്പിക്കുന്ന പദ്ധതിയിൽ തട്ടിപ്പ് നടന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വനത്തിനുള്ളിലെ സ്ഥിരതാമസക്കാരെ നഷ്ടപരിഹാരം നൽകി ഒഴിപ്പിക്കുന്ന പദ്ധതിയിൽ തട്ടിപ്പ് നടന്നു എന്ന 27/11/2021 ലെ മലയാള മനോരമ പത്രത്തിലെ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | 5 സെൻറ് സ്ഥലം ഉള്ളവർക്കും 5 ഏക്കർ ഉള്ളവർക്കും അടിസ്ഥാന നഷ്ടപരിഹാരത്തുക ഒന്നാകുന്ന വൈരുദ്ധ്യമായ തീരുമാനം സ്വീകരിക്കുവാനുണ്ടായ സാഹചര്യം വിശദമാക്കാമോ; | (ബി) | കേരളത്തിലെ വനങ്ങളിൽ ധാരാളം മനുഷ്യവാസ കേന്ദ്രങ്ങൾ നിലവിലുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം, തുടർച്ചയായി സംഭവിക്കുന്ന പ്രകൃതി ദുരന്തങ്ങൾ, വികസനപ്രവർത്തനങ്ങളുടെ അപര്യാപ്തത തുടങ്ങിയ വിവിധ കാരണങ്ങൾ മുൻനിർത്തി വനത്തിനുള്ളിലെ ഇത്തരം മനുഷ്യവാസ മേഖലകളിൽ നിന്നും പുനരധിവാസത്തിനായുള്ള ആവശ്യം ഉയരുന്നുണ്ട്. ഇതിലേക്കായി പൊതുജനങ്ങളുടെ പൂർണ്ണസമ്മതത്തോടെ അവരുടെ ഭൂമി മതിയായ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് സർക്കാർ റീബിൽഡ് കേരള ഡെവലപ്മെൻറ് പദ്ധതി (14.11.2019-ലെ ജി.ഒ. (ആർ.റ്റി) 483/2018/പി&ഇ.എ നമ്പർ ഉത്തരവ്), കിഫ്ബി Phase II (23.01.2020-ലെ ജി.ഒ (എം.എസ്) 2/2020/വനം വന്യജീവി, 02.08.2021-ലെ ജി.ഒ (എം.എസ്) 12/2021/വനം വന്യജീവി നമ്പർ ഉത്തരവുകൾ) എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സ്വയം സന്നദ്ധ പുനരധിവാസത്തിനായി കേന്ദ്രസർക്കാരിൻറെ ദേശീയ കടുവ സംരക്ഷണ അതോറിറ്റി വിജ്ഞാപനം ചെയ്തിട്ടുള്ളതും കേരളത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ടും ഗുണഭോക്താക്കൾക്ക് ഏറ്റവും ഗുണകരമായ രീതിയിൽ പരിഷ്കരിച്ച ഈ പദ്ധതിക്ക്, അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. കുടുംബമെന്നാൽ ഒരു വ്യക്തി/അവരുടെ ജീവിത പങ്കാളി, പ്രായപൂർത്തിയാകാത്ത മക്കൾ, പ്രായപൂർത്തിയാകാത്ത സഹോദരങ്ങൾ, മാതാപിതാക്കൾ, ഉപജീവനത്തിനായി വ്യക്തിയെ ആശ്രയിച്ച് ഒപ്പം കഴിയുന്ന മറ്റ് ബന്ധുക്കൾ. ഒരു |

| | | | |
|---|---|---|---|
| | | | കുടുംബത്തിലെ തന്നെ താഴെപ്പറയുന്ന അംഗങ്ങളെ (ഇപ്പോൾ ഒന്നിച്ചാണ് താമസിക്കുന്നതെങ്കിലും) പുനരധിവാസത്തിന് അർഹരായ പ്രത്യേക കുടുംബമായി കണക്കാക്കുന്നതാണ്. 1. പ്രായപൂർത്തിയായ മകനോ, മകളോ (18 വയസ്സിന് മുകളിൽ), വിവാഹിതരോ അല്ലയോ എന്നത് കണക്കിലെടുക്കാതെ. 2. 18 വയസ്സിനു മുകളിൽ പ്രായമുള്ള സഹോദരനോ സഹോദരിയോ. 3. ശാരീരികമായോ മാനസികമായോ വെല്ലുവിളികൾ നേരിടുന്നവർ (പ്രായം കണക്കിലെടുക്കാതെ) 4. പ്രായപൂർത്തിയാകാത്ത, മാതാപിതാക്കൾ നഷ്ടപ്പെട്ട അനാഥർ. 5. വിധവ അല്ലെങ്കിൽ വിവാഹമോചിത. രണ്ട് ഹെക്ടർ വരെ ഭൂമിയുള്ള ഒരു അർഹതപ്പെട്ട കുടുംബത്തിന് മുഴുവൻ പാക്കേജ് തുകയായ 15 ലക്ഷം രൂപ ലഭ്യമാകും. വനമേഖലയിൽ സ്ഥിരതാമസമില്ലാത്ത കുടുംബമാണെങ്കിൽ, പ്രായപൂർത്തിയായ മകൻ/മകൾ എന്നിങ്ങനെ കണക്കാക്കാതെ നഷ്ടപരിഹാരം ഒരു അർഹതപ്പെട്ട കുടുംബം മാത്രമായി നിജപ്പെടുത്തുന്നതാണ്. രണ്ട് ഹെക്ടറിന് മേൽ വിസ്തൃതിയിലുള്ള ഭൂമിയെങ്കിൽ അധികമായുള്ള ഓരോ രണ്ട് ഹെക്ടറിനെയും ഒരു പാർപ്പിട യൂണിറ്റായി കണക്കാക്കുന്നതാണ്. |
| (സി) | സ്ഥിര താമസക്കാരല്ലാത്ത ആളുകൾ ഗുണഭോക്തൃ പട്ടികയിൽ വരാനിടയായതിനെ സംബന്ധിച്ച ആക്ഷേപങ്ങളിൽ അന്വേഷണം നടത്തുമോ? | (സി) | 27/11/2021 ലെ മലയാള മനോരമ പത്രത്തിൽ, വനത്തിനുള്ളിലെ സ്ഥിരതാമസക്കാരെ നഷ്ടപരിഹാരം നൽകി ഒഴിപ്പിക്കുന്ന പദ്ധതിയിൽ തട്ടിപ്പ് നടന്നതായ വാർത്ത വന്നതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിൻറെ വെളിച്ചത്തിൽ വസ്തുത വിരുദ്ധമായ മാധ്യമ വാർത്തകൾ ചില ആളുകൾ സ്ഥാപിത താത്പര്യങ്ങൾക്കായി കെട്ടിച്ചമച്ചതാണെന്ന് കണ്ടെത്തിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ